## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5531 02/11/2016-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.യിൽ പുതിയ സെക്ഷൻ ഓഫീസുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ** | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | കെ.എസ്.ഇ.ബി കാഷ്യർ തസ്തികയുടെ സ്റ്റാഫ് പാറ്റേൺ 1387 ആയി നിജപ്പെടുത്തിയത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലെ കാഷ്യർ തസ്തികയുടെ അനുവദനീയ എണ്ണം 1410 ആണ്. 2002 വരെ കാഷ്യർ തസ്തികയുടെ അനുവദനീയ എണ്ണം 1380 ആയിരുന്നു. അതിനുശേഷം നിലവിൽ വന്ന തസ്തികകൾ ഉൾപ്പെടെ ഇപ്പോൾ ഉള്ള എണ്ണം 1410 ആണ്. |
| (ബി) | കെ.എസ്.ഇ.ബി.യിൽ 2011 മുതൽ 30/09/2016 വരെ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചു എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | 2011-12-ൽ 3 സെക്ഷനുകളും, 2012-13-ൽ 32 സെക്ഷനുകളും, 2013-14-ൽ 18 സെക്ഷനുകളുമാണ് അനുവദിച്ചത്. 2014-15-ൽ പുതിയ സെക്ഷനുകളൊന്നും അനുവദിച്ചിരുന്നില്ല. 2015-16-ൽ അനുവദിച്ച 31 സെക്ഷനുകളിൽ 17 സെക്ഷനുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 14 സെക്ഷനുകൾ പ്രവർത്തനം ആരംഭിക്കാൻ ബാക്കിയുണ്ട്. |
| (സി) | കേരളത്തിൽ നിലവിൽ കെ.എസ്. ഇ.ബി.യിൽ എത്ര സെക്ഷൻ ഓഫീസുകൾ ആണ് പ്രവർത്തിക്കുന്നത്; ഇതിൽ ഉപഭോക്താക്കളിൽ നിന്ന് പണം സ്വീകരിക്കുന്ന എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് നിലവിൽ 764 സെക്ഷൻ ഓഫീസുകൾ പ്രവൃത്തിക്കുന്നുണ്ട്. നിലവിൽ ഉപഭോക്താക്കളിൽ നിന്നും പണം സ്വീകരിക്കുന്ന 753 സെക്ഷൻ ഓഫീസുകളാണ് ഉള്ളത്. |
| (ഡി) | കേരളത്തിൽ രണ്ടിൽ കൂടുതൽ ക്യാഷ്യർമാരുള്ള എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ട്; | (ഡി) & (ഇ) | 2002-ൽ ആണ് ഡിസ്ട്രിബ്യൂഷൻ പ്രോഫിറ്റ് സെന്റർ നിലവിൽ വന്നത്. അതിനുശേഷം 247 സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. രണ്ടിൽ കൂടുതൽ കാഷ്യർമാർ ഉള്ള 51 സെക്ഷൻ ഓഫീസുകൾ ഉണ്ട്. ഉപഭോക്താക്കളുടെ എണ്ണം കൂടുതലുള്ള സെക്ഷനുകളിലും, |
| (ഇ) | കെ.എസ്.ഇ.ബി.യിൽ ക്യാഷ്യർ തസ്തികയുടെ സ്റ്റാഫ് പാറ്റേൺ 1387 ആയി നിജപ്പെടുത്തിയതിനു ശേഷം എത്ര സെക്ഷൻ ഓഫീസുകൾ | | |

| | | | |
|---|---|---|---|
| | തുടങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഒരു സെക്ഷൻ ഓഫീസിൽ ഒന്നിൽ കൂടുതൽ ക്യാഷ് കൗണ്ടർ ഉള്ള എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ട്; വിശദമാക്കുമോ? | | സെക്ഷനുകളിൽ നിന്നും വിദൂരമായ സ്ഥലങ്ങളിൽ ഉള്ള ഉപഭോക്താക്കൾക്ക് പണം ഒടുക്കുന്നതിന് outstation collection centre അനുവദിച്ചിട്ടുള്ള സെക്ഷൻ ഓഫീസുകളിലും ഒന്നിൽ കൂടുതൽ ക്യാഷ് കൌണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിലുള്ള 54 സെക്ഷൻ ഓഫീസുകളാണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ